(സി) കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരം അനുബന്ധത്തിൽ കാണിച്ചിരിക്കുന്നു.†

ജലനിധി പദ്ധതിയിൽ നിർമ്മാണം തുടങ്ങിയ 66 പദ്ധതികൾ മേയ് 2005-ലും ആസൂത്രണ ഘട്ടത്തിലുള്ള ബാക്കിയുള്ളവ 2006 ഡിസംബറിലും പൂർത്തിയാകും.

ഭൂജല വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ 2005 മാർച്ച് മാസം 31-നകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിർമ്മാണം ആരംഭിച്ച 14 പദ്ധതികൾ കൊണ്ട് ഏകദേശം 699780 പേർക്കും 273 സ്കൂളുകളിലേക്കുള്ള പദ്ധതികൾ കൊണ്ട് ഏകദേശം 81033 പേർക്കും ജലനിധി പദ്ധതിയുടെ 785 ഗുണഭോക്തൃ സമിതികളിലുള്ള 1,59,300 പേർക്കും രാജീവ്ഗാന്ധി കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുമ്പോൾ 10,000 പേർക്കും പ്രയോജനം ലഭിക്കും എന്ന് കണക്കാക്കിയിരിക്കുന്നു.

കുടിവെള്ള വിതരണ പദ്ധതി

132 [239] ശ്രീ. സി. മോയിൻകുട്ടി:

„ പി. കെ. കെ. ബാവ:

„ ടി. പി. എം. സാഹിർ:

„ സി. മമ്മൂട്ടി:

„ കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷൻ അതിർത്തികളിൽ താമസിക്കുന്ന ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്ന പദ്ധതിപ്രകാരം കുടിവെള്ളം മുടക്കം കൂടാതെ വിതരണം ചെയ്യാൻ സാധിക്കുന്നുണ്ടോ;

(ബി) 2002 മുതൽ ഓരോ വർഷവും വിതരണത്തിനായി ശേഖരിച്ച ജലത്തിന്റെയും വിതരണം ചെയ്ത ജലത്തിന്റെയും കണക്ക് വ്യക്തമാക്കാമോ;

(സി) ഈ കാലഘട്ടത്തിൽ ഓരോ പദ്ധതിപ്രകാരം ചെലവിട്ട തുകയും വരുമാനവും എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിൽ തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ താമസിക്കുന്ന ജനങ്ങൾക്ക് മുടക്കം കൂടാതെയും കൊല്ലം കോർപ്പറേഷൻ അതിർത്തിയിൽ താമസിക്കുന്ന ജനങ്ങൾക്ക് ദിവസം മൂന്ന് മണിക്കൂർ സമയവും കൊച്ചി കോർപ്പറേഷൻ അതിർത്തിയിൽ താമസിക്കുന്ന ജനങ്ങൾക്ക് ഭാഗികമായും തൃശ്ശൂർ കോർപ്പറേഷൻ അതിർത്തിയിൽ താമസിക്കുന്ന ജനങ്ങൾക്ക് ഒന്നിടവിട്ട ദിവസങ്ങളിലുമാണ് ജലവിതരണം നടത്തുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)	വർഷം	കോർപ്പറേഷൻ	ദശലക്ഷം ലിറ്റർ ശേഖരിച്ച ജലം	വിതരണം ചെയ്ത ജലം
	(1)	(2)	(3)	(4)
	2002-2003	തിരുവനന്തപുരം	78,475	61,320
		കൊല്ലം	6,205	4,340
		കൊച്ചി	43,800	36,500
		തൃശ്ശൂർ	11,377	10,742
		കോഴിക്കോട്	23,816	18,250
	2003-2004	തിരുവനന്തപുരം	84,315	65,700
		കൊല്ലം	6,205	4,340
		കൊച്ചി	43,800	36,500
		തൃശ്ശൂർ	11,278	10,688
		കോഴിക്കോട്	23,816	18,250

(സി)	വർഷം	കോർപ്പറേഷൻ	തുക ലക്ഷത്തിൽ ചെലവഴിച്ച തുക	വരുമാനം
	(1)	(2)	(3)	(4)
	2002-2003	തിരുവനന്തപുരം	2,286	2,394
		കൊല്ലം	185.97	85.72
		കൊച്ചി	1,839	1,484
		തൃശ്ശൂർ	138.89	148.58
		കോഴിക്കോട്	956.51	439.74
	2003-2004	തിരുവനന്തപുരം	2,330	2562
		കൊല്ലം	212.68	134.31
		കൊച്ചി	1,855	1,388
		തൃശ്ശൂർ	168.37	145.36
		കോഴിക്കോട്	935.53	578.39

LIBRARY ARCHIVES Kerala Legislative Assembly